No. 23424/ഭരണ II(2)/19/നിയമം നിയമ (ഭരണ II) വകുപ്പ്

# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 3683 11.11.2019 ൽ മറുപടിക്ക്**

**ലീഗൽ അസിസ്റ്റന്റ് ആയി തസ്തികമാറ്റം വഴി പി.എസ്.സി. നിയമനം**

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. അൻവർ സാദത്ത് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | |
|---|---|
| എ) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് പി.എസ്.സി. നടത്തുന്ന എഴുത്തു പരീക്ഷയ്ക്ക് മിനിമം മാർക്ക് യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; | 16.08.2019 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.വി.സി. V) വകുപ്പിന്റെ G.O(Ms) 09/2019/P&ARD ഉത്തരവ് പ്രകാരം തൊട്ടടുത്ത വിജ്ഞാപനം മുതൽ ഗ്രേഡ് II ലീഗൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുളള എല്ലാ തസ്തികമാറ്റ നിയമനങ്ങൾക്കും 40% കട്ട്ഓഫ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. നടത്തിയ എഴുത്തു പരീക്ഷയ്ക്ക് മിനിമം മാർക്ക് ലഭിക്കാത്ത എത്ര പേർക്ക് | പി.എസ്.സി. നൽകുന്ന നിയമന ശിപാർശയുടെ അടിസ്ഥാനത്തിലാണ് നിയമ വകുപ്പ് നിയമനം നടത്തുന്നത്. |

| | |
|---|---|
| നിലവിലുള്ള ലിസ്റ്റിൽ നിന്ന് പി.എസ്.സി. വഴി നിയമനം ലഭിച്ചു; അറിയിക്കുമോ; | |
| സി) പി.എസ്.സി. നടത്തിയ എഴുത്തു പരീക്ഷയിൽ എട്ട് മാർക്ക് കിട്ടിയ ആൾക്ക് ലീഗൽ അസിസ്റ്റന്റ് ആയി നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്; വ്യക്തമാക്കുമോ; | നിയമന ശിപാർശയോടൊപ്പം മാർക്ക് വിവരങ്ങൾ പി.എസ്.സി. അറിയിക്കാറില്ല. |
| ഡി) നിർദ്ദിഷ്ട യോഗ്യത മാർക്ക് ഇല്ലാത്തവരെ ഭാവിയിൽ തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റായി നിയമിക്കുന്നത് വിലക്കി ഉത്തരവായിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 16.08.2019 ലെ G.O(Ms) 09/2019/P&ARD ഉത്തരവ് പ്രകാരം തൊട്ടടുത്ത വിജ്ഞാപനം മുതൽ ഗ്രേഡ് II ലീഗൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള എല്ലാ തസ്തികമാറ്റ നിയമനങ്ങൾക്കും 40% കട്ട്ഓഫ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം ,

സെക്ഷൻ ഓഫീസർ.